പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2725 — 18.06.2018 ൽ മറുപടിക്ക്

## നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച് റെയിൽവെ ബോർഡിൽ നിന്നും എന്തെങ്കിലും തീരുമാനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) സ്വതന്ത്ര ട്രെയിനാക്കുമെന്ന പ്രഖ്യാപനം നടത്തി മാസങ്ങൾ പിന്നിട്ടിട്ടും ഇനിയും കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br>(സി) മലബാറിലെ യാത്രക്കാർക്ക് ഏറെ ആശ്വാസമായ രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ? | (എ) യും (ബി) യും (സി) യും നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ട്രെയിനായി ഓടിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. എസി 2 ടയർ -1 , എസി 3 ടയർ -2 സെക്കന്റ് ക്ലാസ്സ് സ്ലീപ്പർ കോച്ച് - 7, ജനറൽ കമ്പാർട്ട്മെന്റ് - 4, എസ് എൽ ആർ - 2, എന്നിങ്ങനെ ആകെ 16 കോച്ചുകൾ ഈ ട്രെയിനിന് ഉണ്ടായിരിക്കും. കോച്ചുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ ട്രെയിൻ സർവ്വീസ് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

SRJ.

സെക്ഷൻ ഓഫീസർ